**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1700** **12-09-2023 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി വിലവർദ്ധനവ് നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പച്ചക്കറിയുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വില വർദ്ധനവ് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് പച്ചക്കറിയുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്ന സമയങ്ങളിൽ ഫലപ്രദമായ സർക്കാർ ഇടപെടൽ ഉണ്ടാകുകയും പച്ചക്കറി വില നിയന്ത്രണവിധേയമാക്കുവാൻ സാധിച്ചിട്ടുമുണ്ട്. വിപണിയിടപെടൽ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പ് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളുടേയും , 6 ഉപ സംഭരണ കേന്ദ്രങ്ങളുടേയും കീഴിലുള്ള 90 സ്വന്തം സ്റ്റാളുകൾ വഴിയും, 185 ലൈസൻസി സ്റ്റാളുകൾ വഴിയും പൊതു വിപണിയെക്കാൾ കുറഞ്ഞ വിലയിൽ പച്ചക്കറി വിതരണം നടത്തി വരുന്നു. കൂടാതെ സംസ്ഥാനത്തുടനീളം കുറഞ്ഞ നിരക്കിൽ പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിനായി "പച്ചക്കറി വണ്ടി" എന്ന പേരിൽ സഞ്ചരിക്കുന്ന 24 വിൽപ്പനശാലകളും ഹോർട്ടികോർപ്പ് ജൂലൈ 4 ന് ആരംഭിച്ചു. പൊതു വിപണിയേക്കാൾ 20-30% വരെ വില കുറച്ചാണ് വിൽപ്പന നടത്തി വരുന്നത്. "പച്ചക്കറി വണ്ടിയുടെ" സേവനംപഞ്ചായത്ത്/ കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ ലഭ്യമാക്കുന്ന നടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്.<br><br>പൊതുവിപണിയിൽ ഇടപെടുന്നതിന്റെ ഭാഗമായി 889.82 ടൺ പച്ചക്കറി ഹോർട്ടികോർപ്പ് സംഭരിച്ച് വിതരണം നടത്തി. സംസ്ഥാനത്തുടനീളം സഞ്ചരിക്കുന്ന 24 പച്ചക്കറി വണ്ടി വഴി 50.5 ടൺ പച്ചക്കറിവിതരണം നടത്തുന്നതിന് പുറമേ വൻ വില വർദ്ധനവ് ഉണ്ടായ 15 ഇനം പച്ചക്കറികൾ ഉൾപ്പെടുത്തി 200/-രൂപ നിരക്കിൽ പച്ചക്കറി കിറ്റുകൾ വിതരണം നടത്തി.<br><br>2023 ഓണക്കാലത്ത് വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ്, ഹോർട്ടികോർപ്പും, വി.എഫ്.പി.സി.കെയുമായി സഹകരിച്ച് 2000 ഓണവിപണികൾ സംഘടിപ്പിച്ചു. ഓണ വിപണിയ്ക്കായി |

| | | | |
|---|---|---|---|
| | | | കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണിയിലെ വിലയെക്കാൾ 10% അധികം വില നൽകി സംഭരിക്കുന്നതും ഓണവിപണികളില്ലൂടെ പൊതുവിപണിയിലെ വിൽപ്പന വിലയെക്കാൾ 30% വരെ കുറഞ്ഞവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി. |

സെക്ഷൻ ഓഫീസർ